# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :902 06.06.2018 ലെ മറുപടിയ്ക്ക്

## പട്ടികവിഭാഗക്കാരെ മുഖ്യധാരയിൽ എത്തിക്കാനായുള്ള പ്രവർത്തനങ്ങൾ

| | ചോദ്യം<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.ആർ.രാജേഷ് | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | സംഘപരിവാർ സംഘടനകളുടെ നേതൃത്വത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനാധിപത്യത്തിനും ഭരണ ഘടനാതത്വങ്ങൾക്കും ഭീഷണിയാകും വിധം ദളിതർക്കെതിരെ ആക്രമണങ്ങൾ വർദ്ധിച്ചു വരുന്നതിലുള്ള ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കാൻ സാധിക്കുമോ; | എ) | പരിശോധിക്കുന്നതാണ് |
| ബി) | പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗ ങ്ങൾക്ക് പ്രത്യേക സംരക്ഷണം നൽകാനുള്ള നിയമത്തിന്റെ പ്രാധാന്യം അപ്രസക്തമാകുന്ന തരത്തിൽ സുപ്രീം കോടതി നടത്തിയ വിധി പ്രസ്താവത്തി നെതിരെ സംസ്ഥാനത്തിന് കേസിൽ കക്ഷി ചേർന്ന് ദളിത് താല്പര്യം സംരക്ഷിക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ചിരുന്നോ; | ബി ) & സി) | സുപ്രീം കോടതി വിധിക്കെതിരെയുള്ള സംസ്ഥാന സർക്കാരിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ ടി വിധിക്കെതിരെ സംസ്ഥാനം സുപ്രീം കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. |
| സി) | സുപ്രീം കോടതി വിധിയെ തുടർന്ന് ആശങ്കയിലായ പട്ടികജാതിക്കാർ നടത്തിയ ജനകീയ പ്രക്ഷോഭങ്ങളെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ | | |

| | | |
|---|---|---|
| | ക്രൂരമായി നേരിട്ടതിനെതിരെ കേന്ദ്ര സർക്കാരിനെ പ്രതിഷേധം അറിയിക്കുമോ; | |
| ഡി) | പട്ടികജാതി പട്ടിക വർഗക്കാരെ വികസന ക്ഷേമ പദ്ധതികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനായി സംസ്ഥാനത്ത് നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | പട്ടികജാതി വികസന വകുപ്പിൽ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണമായി ആചരിച്ച് വരുന്നുണ്ട്. ടി കാലയളവിൽ വികസന ക്ഷേമ പദ്ധതികളെ സംബന്ധിച്ച ബോധവത്കരണ പരിപാടികൾ നടത്തുന്നുണ്ട്. സംസ്ഥാനത്ത് നടത്തിവരുന്ന പ്രധാനപ്പെട്ട വികസന/ക്ഷേമ പദ്ധതികളുടെ സംക്ഷിപ്തം <u>**അനുബന്ധം 1**</u> ആയി ചേർക്കുന്നു.<br>പട്ടികവർഗ്ഗ വിഭാഗത്തിൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് എം.ആർ. എസ്, പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. എം.ആർ.എസ്-കളിൽ അന്താരാഷ്ട്ര നിലവാരത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയ ആനുകൂല്യങ്ങളും നൽകി വരുന്നു. <u>ഉൾപ്രദേശത്തുള്ള</u> വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിനായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നു.<br>ചികിത്സാ സഹായത്തിനായുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനും കാല താമസമില്ലാതെ എ.റ്റി.എം മുഖേന തുക പിൻവലിക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെ ടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ലഹരി ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന് ബോധവൽക്കരണം നടത്തുന്നു. 0-6 പ്രായമുള്ളവർ, മുലയൂട്ടുന്ന അമ്മമാർ, കിടപ്പ രോഗികൾ, 60 വയസ്സിനുമേൽ പ്രായമുള്ളവർ, അഗതികൾ, ആലംബഹീനർ തുടങ്ങിയവർക്കായി സാമൂഹ്യനീതി വകുപ്പ്, ആരോഗ്യവകുപ്പ് പ്രാദേശിക സർക്കാരുകൾ എന്നിവയുടെ സഹകരണത്തോടെ പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>എല്ലാ പട്ടികവർഗ്ഗക്കാർക്കും വീടു ലഭ്യമാക്കുന്നതിനും പണി പൂർത്തിയാകാതെ കിടക്കുന്ന വീടുകളുടെ പൂർത്തീകരണവും ലൈഫ് മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. ഭൂപ്രശ്നം പരിഹരിക്കുന്നതിനും കൃഷിയിലൂടെ ശാശ്വത വരുമാനം ഉറപ്പ വരുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.<br>പട്ടികവർഗ്ഗ യുവതി യുവാക്കളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിച്ചു. പരമ്പരാഗത കൃഷി രീതികളും നവീനകൃഷി രീതികളും ജൈവ കൃഷിയും സംയോജിപ്പിച്ചു വരുമാന വർദ്ധനവിനും ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനുമുള്ള പരിപാടികളും ലക്ഷ്യമിടുന്നു.<br>ആരോഗ്യ വകുപ്പ്, സോഷ്യൽ സെക്യൂരിറ്റി മിഷൻ,കുടുംബശ്രീ, പ്രാദേശിക സർക്കാരുകൾ ഇവയുമായി സഹകരിച്ചു പരിചരണ പാക്കേജ് ആവിഷ്കരിച്ചു നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നു. അവരിൽ സമ്പാദ്യശീലം വളർത്തുന്നതിനും , തരിശുഭൂമി ആദായകരമായി കൃഷി യോഗ്യമാക്കുക, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, ടെയിലറിംഗ് ആന്റ് |

| | | | |
|---|---|---|---|
| | | | ഗാർമെന്റ് മേക്കിംഗ് തുടങ്ങിയുള്ള തൊഴിൽ സാദ്ധ്യതയുള്ള സംയുക്ത സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിനും കുടുംബശ്രീ മുഖേന ഇടപാടുകൾ നടത്തിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട പദ്ധതികൾ സംബന്ധിച്ചുള്ള വിവരം **<u>അനുബന്ധം II</u>** ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

902

# വിദ്യാഭ്യാസ പരിപാടികൾ

പട്ടികജാതി വികസന വകുപ്പിന്റെ പ്രധാന മേഖല വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമേ ഒരു സമൂഹം ശാശ്വതമായി വളരുകയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

**1. നഴ്സറി സ്കൂളുകൾ**

പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലുമായി സംസ്ഥാനത്തൊട്ടാകെ 88 നഴ്സറി സ്കൂളുകൾ വകുപ്പ് നടത്തിവരുന്നു. പ്രതിദിന ഫീഡിംഗ് ചാർജ്ജും യൂണിഫോമും അടങ്ങുന്ന പഠന സാമഗ്രികളും നൽകുന്നു. എൽ.കെ.ജി, യു.കെ.ജി സമ്പ്രദായം. ഓരോ കുട്ടിക്കും 30/-രൂപ പ്രതിദിന ഫീഡിംഗ് ചാർജ്, യൂണിഫോമിന് 600/- രൂപ, 190/- രൂപ ലംപ്സംഗ്രാൻറ് എന്നിവ നൽകുന്നു. ഓരോ നഴ്സറി സ്കൂളിലും 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. ഇതിൽ പൊതുവിഭാഗത്തിൽനിന്നും 25% വരെ കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്.

**2. പ്രീമെട്രിക് വിദ്യാഭ്യാസം (10-ാം ക്ലാസ് വരെ)**

സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്കൂളിലും പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാനാദ്ധ്യാപകർ മുഖേന ലംപ്സം ഗ്രാൻറ് നൽകുന്നു.

**a) ലംപ്സംഗ്രാൻറ് നിരക്ക് -**

നഴ്സറി സ്കൂൾ (വകുപ്പിന്റെ നഴ്സറി സ്കൂളുകൾ മാത്രം)-190/- രൂപ

1 മുതൽ 4 വരെ - 320/- രൂപ
5 മുതൽ 7 വരെ - 630/- രൂപ
8 മുതൽ 10 വരെ - 940/- രൂപ

ഒരു വർഷം തോറ്റവർക്ക് പകുതി തുക.

**b) സ്റ്റൈപൻറ്**

വേടൻ, വേട്ടുവ, നായാടി അരുന്ധതിയാർ/യതിലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപൻറ് നൽകുന്നു.

1 മുതൽ 4 വരെ - 130/- രൂപ
5 മുതൽ 7 വരെ - 160/- രൂപ
8 മുതൽ 10 വരെ - 190/- രൂപ

**c) 9,10 ക്ലാസ്സിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്രസഹായപദ്ധതി)**

9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപന്റും ഗ്രാന്റും നൽകിവരുന്ന പദ്ധതി

**നിരക്കുകൾ**

| | ഹോസ്റ്റലേഴ്സ് | ഡേ സ്കോളർ |
|---|---|---|
| സ്കോളർഷിപ്പ് (പ്രതിമാസം) | 350 | 150 |
| ബുക്ക് ഗ്രാന്റ് | 1000 | 750 |

**d)** വൃത്തിഹീനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം (കേന്ദ്രസഹായപദ്ധതി)

**ജാതി മത പരിഗണന കൂടാതെ നൽകുന്ന ഈ ആനുകൂല്യത്തിന്റെ നിരക്ക് ചുവടെ ചേർക്കുന്നു. പ്രതിമാസ സ്റ്റൈപ്പന്റ് -1ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ-110/- രൂപ, അഡ്ഹോക്ക് ഗ്രാന്റ് -750/- രൂപ (ഡേ സ്കോളേഴ്സ്), ഹോസ്റ്റൽ അന്തേവാസികൾക്ക്- 1000/- രൂപ.**

ഈ ആനുകൂല്യം ലഭിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നോ ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറി എന്നിവരിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ മേധാവികൾ വഴി അപേക്ഷ നൽകണം.

**e) അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെൻറ്.**

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി, മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻഫീസ് റീ ഇംബേഴ്സ് ചെയ്തു നൽകുന്നു. നിരക്ക്- എൽ.പി, യു.പി- ഫീസ്-1000/ രൂപ

സ്പെഷ്യൽ ഫീസ്- 333/- രൂപ

എച്ച്. എസ് ഫീസ് 1500/ രൂപ

സ്പെഷ്യൽ ഫീസ്- 500/- രൂപ

വിദ്യാർത്ഥികളുടെ ക്ലാസ്സ് തിരിച്ചുള്ള പട്ടികജാതി /മറ്റർഹ വിഭാഗ വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കി, ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി. ഇ. ഒ/ എ. ഇ ഒ മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട ബ്ലോക്ക്/ മുൻസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നൽകണം. ഒരു അദ്ധ്യയന വർഷത്തെ തുക അടുത്ത വർഷം റീ-ഇംബേഴ്സ് ചെയ്തു നൽകുന്നതാണ്.

**f) ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്വകാര്യ ബോർഡിംഗ് സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിന് 5-ാം ക്ലാസ് മുതൽ സൗകര്യം. 4-ാം ക്ലാസ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് സഹിതം ജില്ലാ പഞ്ചായത്ത് സെക്രട്ടറി/ മുൻസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് അപേക്ഷ നൽകുക. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 100000/- രൂപ

**g) ശ്രീ. അയ്യങ്കാളി ടാലൻറ് സെർച്ച് സ്കോളർഷിപ്പ്**

4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിൻെറ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ് വരെ പ്രതിവർഷം 4,500/- രൂപ വീതം സ്കോളർഷിപ്പ്. അപേക്ഷകൾ ജൂൺ മാസത്തിൽ ജില്ലാ പട്ടിക ജാതി വികസന ഓഫീസർമാർക്ക് നൽകുക. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ ഗ്രേഡ് സർട്ടിഫിക്കറ്റുകൾ നിർബന്ധം. അപേക്ഷകരുടെ രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 1,00,000/- രൂപ. 12,000/- ത്തിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫർണീച്ചർ വാങ്ങുന്നതിന് 2000/- അധികമായി ഒററത്തവണ നൽകുന്നു. വിദ്യാർത്ഥികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി പ്രതിമാസം 100/- രൂപ പ്രകാരം 10 മാസത്തേക്ക് 1000/- രൂപ നൽകുന്നു.

**h) മോഡൽ റസിഡൻഷ്യൽ സ്കൂൾ**

5-ാം ക്ലാസ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കുന്നതിനായി വകുപ്പിനു കീഴിൽ 9 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ പ്രവർത്തിച്ചുവരുന്നു. 4-ാം ക്ലാസ് വിദ്യാർത്ഥികളെ സംസ്ഥാന അടിസ്ഥാനത്തിൽ നടത്തുന്ന മത്സര പരീക്ഷയിലെ മാർക്കിൻെറ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഇതു സംബന്ധിച്ച അറിയിപ്പു നൽകും. ജാതി, വരുമാനം, നിലവിൽ പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യ പത്രം എന്നിവ സഹിതം അപേക്ഷിക്കുക. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി രൂപ: 1,00,000/-

**i) പ്രീ മെട്രിക് ഹോസ്റ്റലുകൾ**

ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിററി/ കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറിയ 87 ഹോസ്റ്റലുകൾ, പട്ടിക അനുബന്ധമായി ചേർക്കുന്നു. രണ്ട് സെററ് യൂണിഫോം, ഭക്ഷണം, ചെരുപ്പ്, ബാഗ്, പ്രതിമാസ പോക്കററ് മണി 130/- രൂപ അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാപ്പടി എന്നീ ആനുകൂല്യങ്ങൾ നൽകുന്നു. ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2500/- രൂപ വീതം ചെലവഴിക്കുന്നു. 5-ാം ക്ലാസ് മുതൽ അഡ്മിഷൻ.

തെരെഞ്ഞെടുക്കപ്പെടാൻ ആഗ്രഹിക്കുന്നവർ ജാതി, വരുമാനം, സ്ക്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബ്ലോക്ക് പഞ്ചായത്ത്/ മുൻസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിക്കോ പട്ടികജാതി വികസന ഓഫീസർക്കോ മെയ് മാസത്തിൽ അപേക്ഷ നൽകേണ്ടതാണ്.

**j) സബ്സിഡൈസ്ഡ് ഹോസ്റ്റൽ**

സന്നദ്ധ സംഘടനകൾ നടത്തുന്ന 6 ഹോസ്ററലുകളിലെ അന്തേവാസികൾക്ക് 1000/- രൂപ പ്രതിമാസ ബോർഡിംഗ് ഗ്രാൻറും 750/- രൂപ യൂണിഫോം അലവൻസും നൽകിവരുന്നു.

**k) ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്ക്കൂൾ, തിരുവനന്തപുരം**

കായിക മേഖലയിൽ മികവു പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം നല്കുന്നതിനായി 5-ാം ക്ലാസ് മുതൽ പരിശീലനം നൽകുന്നു. മേഖലാതല സെലക്ഷൻ ട്രയൽസിലൂടെ തെരെഞ്ഞെടുക്കുന്നു.ഒരു ക്ലാസ്സിൽ 30 വിദ്യാർത്ഥികൾക്ക് പ്രവേശനം. 12-ാം ക്ലാസുവരെ സ്റ്റേറ്റ് സിലബസിൽ പഠനം. ഓരോ കുട്ടിക്കും പ്രതിദിനം 130/- രൂപ മെസ് ചാർജ്ജ് ഇനത്തിൽ ചെലവഴിക്കുന്നു.

പട്ടികജാതി വികസന ഗൈഡ്
2018 ..60..

1 പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (10-ാംക്ലാസിനു ശേഷം)

a) ലംപ്സംഗ്രാൻറും സ്റ്റൈപ്പൻറും

| | |
|---|---|
| പ്ലസ് ടു, VHSE, | - 1130/- രൂപ |
| ഡിഗ്രി, തത്തുല്യകോഴ്സുകൾ | 1190/-രൂപ |
| പി. ജി, തത്തുല്യകോഴ്സുകൾ | - 1570/- രൂപ |
| പ്രൊഫഷണൽ കോഴ്സുകൾ | - ( 440 മുതൽ 3130 രൂപ വരെ കോഴ്സ് അനുസരിച്ച്) |

സ്റ്റൈപ്പൻറ് നിരക്ക്

8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് - 630/- രൂപ

8 കിലോമീറ്ററിൽ കൂടുതൽ യാത്ര ചെയ്തു വരുന്നവർക്ക് - 750/ രൂപ

നിലവിൽ ടി ആനുകൂല്യം സ്റ്റേററ് ബാങ്ക് ഓഫ് ഇന്ത്യയുടെ എ.ടി എമ്മുകൾ വഴി ഇ- ഗ്രാൻറ്സ് എന്ന പേരിൽ വിതരണം ചെയ്യുന്നു. അപേക്ഷകൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺ ലൈൻ ആയി സ്ഥാപന മേധാവിക്കു സമർപ്പിക്കണം. തുടർന്ന് അവയുടെ ഒറിജിനൽ സ്ഥാപന മേധാവി ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് നൽകണം. ജാതി, വരുമാന സർട്ടിഫിക്കററുകൾ, എസ്.എസ്.എൽ. സി ബുക്കിൻെറ പകർപ്പ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കററുകൾ എന്നിവ സഹിതമാണ് അപേക്ഷ സ്ഥാപന മേധാവി ജില്ലാ ആഫീസർക്ക് നൽകേണ്ടത്.

## b) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

പോസ്റ്റ് മെട്രിക് കോഴ്സുകൾ പഠിക്കുന്നവർക്ക് 17 ഹോസ്ററലുകൾ വകുപ്പ് നേരിട്ട് നടത്തുന്നു. പട്ടിക അനുബന്ധമായി ചേർക്കുന്നു. അന്തേവാസികൾക്ക് ഭക്ഷണത്തിനായി പ്രതിമാസം ഒരാൾക്ക് 2875/- രൂപ ചെലവഴിക്കുന്നു. കൂടാതെ ഓണം, ക്രിസ്മസ് അവധിക്കാലങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രാബത്തയും നൽകുന്നു. പോക്കററ് മണിയായി 190/- രൂപ നൽകുന്നു. ഹോസ്ററലിൽ കായിക വിനോദങ്ങൾക്കുള്ള സൗകര്യം, ലൈബ്രറി എന്നിവ ലഭ്യമാണ്. സർക്കാർ കോളേജ്, ഹോസ്റ്റലുകൾ, അംഗീകൃത എയ്ഡഡ് കോളേജ് ഹോസ്ററലുകൾ, സ്വാശ്രയ കോളേജുകളിലെ അംഗീകൃത ഹോസ്ററലുകൾ എന്നിവയിൽ അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നു.

## c) അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം

ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാൻറായി പ്രതിമാസം 1,500/- രൂപ നൽകുന്നു.

## d) പ്രത്യേക പ്രോത്സാഹന സമ്മാനം

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. നിരക്ക് ചുവടെ

| കോഴ്സ് | ഫസ്റ്റ് ക്ലാസ് / ഗ്രേഡ് | ഡിസ്റ്റിംഗ്ഷൻ/ഗ്രേഡ് |
|---|---|---|
| എസ്.എസ്.എൽ.സി | 1,500 | 2,500 |
| പ്ലസ് ടു, റ്റി.റ്റി.സി, ഡിപ്ലോമ | 2,500 | 5,000 |
| ഡിഗ്രി | 3,500 | 7,500 |
| പി.ജി മററ് പ്രൊഫഷണൽ കോഴ്സുകൾ | 5,000 | 10,000 |

ജാതി സർട്ടിഫിക്കററ്, മാർക്ക് ലിസ്ററുകളുടെ പകർപ്പ് സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം.

## e) റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ

മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു പവൻ സ്വർണ്ണ നാണയം സമ്മാനമായി നൽകുന്നു.

പ്ലസ് ടു, എസ്.എസ്.എൽ.സി പരീക്ഷകളിൽ എല്ലാ വിഷയത്തിനും 'എ' പ്ലസ് ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അര പവൻ സ്വർണ്ണ നാണയം നൽകി അനുമോദിക്കുന്നു.

**f) ക്ഷേത്രപ്രവേശന വിളംബര സ്മാരക സ്കോളർഷിപ്പ്**

[illegible] ലെ ക്ഷേത്രപ്രവേശന വിളംബരത്തിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് തുകയുടെ പലിശയും സർക്കാർ ഗ്രാന്റും ചേർത്ത് ഡിഗ്രി/ പി.ജി/ എൽ.എൽ.ബി/ മെഡിക്കൽ/ എഞ്ചിനീയറിംഗ് പഠനം നടത്തുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. ജാതി, വരുമാനം, മാർക്ക്ലിസ്റ്റുകളുടെ പകർപ്പ് എന്നിവ സഹിതം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകണം.

**g) മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം**

എസ്. എസ്. എൽ. സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ / എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘകാല കോച്ചിംഗിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നു. കോച്ചിംഗ് നടത്തുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായം.വിദ്യാർത്ഥികൾക്ക് നിലവാരമുള്ള ഇഷ്ടമുള്ള സ്ഥാപനം തെരെഞ്ഞെടുക്കാം. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 4.5 ലക്ഷം രൂപ. അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകണം. ജാതി, വരുമാന സർട്ടിഫിക്കററുകൾ മാർക്ക് ലിസ്ററിൻെറ പകർപ്പ് എന്നിവ സഹിതം അപേക്ഷിക്കുക.

**h) സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം**

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെരിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു. കൂടാതെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയും നൽകുന്നു. അപേക്ഷ ഓൺ ലൈനായി അക്ഷയകേന്ദ്രങ്ങൾ വഴി സമർപ്പിക്കുക, ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം ഒറിജിനൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകണം. ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സായി ബാങ്ക് മുഖേന നൽകുന്നു.

**i) എഞ്ചിനീയറിംഗ്/ മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാൻറ്**

എഞ്ചിനീയറിംഗ്/ മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവുകൾക്ക് തുക അനുവദിക്കുന്നു. നിരക്ക്

മെഡിക്കൽ- 10,000/- എഞ്ചിനീയറിംഗ്- 5,000/-

അഡ്മിഷൻ നേടിയത് സംബന്ധിച്ച രേഖ, ജാതി, വരുമാന സർട്ടിഫിക്കററുകൾ സഹിതം അപേക്ഷ ജില്ലാ പട്ടിക ജാതി വികസന ഓഫീസർമാർക്ക് നൽകണം. വരുമാന പരിധി 1.00.000/- രൂപ

**j) പ്രൈമറി /സെക്കന്ററി എഡ്യൂക്കേഷൻ എയിഡ്**

1 മുതൽ 4 വരെ ക്ലാസ്സുകളിൽ സർക്കാർ/ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം , ബാഗ്, കുട എന്നിവ വാങ്ങുന്നതിന് പഠന പ്രോത്സാഹനത്തിനായി 2000/- രൂപയും 5 മുതൽ 8 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സെക്കന്ററി എഡ്യൂക്കേഷൻ എയിഡായി 2000/- രൂപയും നൽകുന്നു.

**k) ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം**

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്നു.

**l) സ്റ്റെതസ്കോപ്പ് വിതരണം**

1-ാം വർഷ എം.ബി.ബി.എസ് ,ബി.എ എം എസ്, ബി. എച്ച്.എം.എസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകി വരുന്നു.

**m) ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്**

ഇഗ്രാന്റ്സിന് അർഹതയില്ലാത്തതും, 2,50,000/- രൂപവരെ വരുമാനമുള്ള പട്ടികജാതി

കുടുംബത്തിൽപ്പെടുന്ന വിദ്യാർത്ഥിക്ക് പോസ്റ്റ് മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ഇതിനായുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം പട്ടികജാതി വികസന ഡയറക്ടർക്ക് നൽകണം

**n) ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം**

സർക്കാർ, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ഈവനിംഗ് കോഴ്സ് പഠിക്കുന്നതിന് കോഴ്സ് ഫീസ് അനുവദിക്കുന്നു. ജാതി, വരുമാന സർട്ടിഫിക്കററ്, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കററുകൾ സഹിതം അസ്സൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകണം.

**o) വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം.**

യൂണിവേഴ്സിററികളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്ന് പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നു.

**p) സംസ്ഥാനത്തിനു പുറത്ത് പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം**

കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിനു പുറത്ത് അംഗീകൃത സ്ഥാപനങ്ങളിലും, സെൻട്രൽ യൂണിവേഴ്സിറ്റിയിലും മെറിറ്റ്/ റിസർവേഷൻ സീററിൽ പ്രവേശനം നേടിയിട്ടുള്ള പട്ടിക ജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നു.

ജോലി സംബന്ധമായി കേരളത്തിന് പുറത്ത് താല്ക്കാലികമായി താമസം ആക്കിയിട്ടുള്ള പട്ടികജാതി വിഭാഗക്കാരുടെ മക്കൾക്ക് സാധാരണ കോഴ്സുകൾക്കും വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നു. അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കററുകൾ ,നേറ്റിവിറ്റി സർട്ടിഫിക്കറ്റുകൾ സഹിതം സ്ഥാപന മേധാവി വഴി ബന്ധപ്പെട്ട ജില്ലകളിലെ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകണം

**q) ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം**

2017 ഒക്ടോബർ മുതൽ വിദേശ പഠനത്തിന് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ,സ്കോളർഷിപ്പ് ഡയറക്ടറേറ്റ് തലത്തിൽ അനുവദിക്കുന്നതാണ്. ഇതിനായുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം പട്ടികജാതി വികസന ഡയറക്ടർക്ക് നൽകണം.

**r) പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം**

സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ്ടു, ഡിഗ്രി, പി. ജി, കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടിക ജാതി/ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സം ഗ്രാൻറ്, സ്റെറപ്പൻറ് എന്നിവ അനുവദിക്കുന്നു. കൂടാതെ ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ നൽകുന്നു. അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കററുകൾ സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം, വിദ്യാഭ്യാസയോഗ്യത സംബന്ധിച്ച സർട്ടിഫിക്കററുകൾ എന്നിവ സഹിതം ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക

**s) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ. ടി. ഐ കൾ)**

വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലുള്ള 44 ഐ.റ്റി.ഐകളിലായി എൻ.സി.വി.റ്റി/എസ്.സി.വി.റ്റി നിലവാരമുള്ള ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ് മെക്കാനിക്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ), പെയിന്റർ (ജനറൽ), പ്ലംബർ, കാർപെന്റർ, സ്വീയിംഗ് ടെക്നോളജി, വെൽഡർ, സർവ്വേയർ, ഡ്രൈവർ കം മെക്കാനിക് എന്നീ ട്രേഡുകളിൽ പരിശീലനം നൽകുന്നു. 41 ഐ.റ്റി.ഐ കളിലെ മിക്ക ട്രേഡുകൾക്കും എൻ.സി.വി.റ്റിയുടെ അംഗീകാരമുള്ളതാണ്. പ്രസ്തുത ഐ.റ്റി.ഐകളിൽ നിന്ന് 80% ത്തിൽ കുറയാതെ ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കി ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റിൽ വിജയിക്കുന്നവർക്ക് പ്രൊവിഷണൽ ഉൾപ്പെടെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.റ്റി.സി) ലഭിയ്ക്കുന്നു. എൻ.സി.വി.റ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത ഐ.റ്റി.ഐകളിൽ നിന്ന് വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് എസ്.സി.വി.റ്റി സർട്ടിഫിക്കറ്റും ലഭിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾക്ക് ഫീസ് സൗജന്യം, യൂണിഫോം അലവൻസ്, ഒന്നാം വർഷം 820 രൂപ നിരക്കിലും രണ്ടാം വർഷം 630 രൂപ നിരക്കിലും ലംസംഗ്രാന്റും 630 രൂപ പ്രതിമാസ സ്റ്റൈപ്പന്റും നൽകി വരുന്നു.

ഇതുകൂടാതെ 2017 വർഷം മുതൽ ഐ.റ്റി.ഐ യിൽ പരിശീലനം നടത്തുന്നവർക്ക് ഉച്ചഭക്ഷണം, പോഷകാഹാരമായ മുട്ട, പാൽ എന്നിവയും നൽകി വരുന്നു. ഐ.റ്റി.ഐ കളിൽ നിന്ന് വിജയകരമായി പഠനം പൂർത്തിയാക്കിയവർക്ക് ടൂൾകിറ്റ് വാങ്ങുന്നതിന് ധനസഹായം, 2016 വർഷം മുതൽ പരിശീലനം കഴിഞ്ഞിറങ്ങുന്നവർക്ക് വിവിധ കമ്പനികളിൽ Placement ലഭിക്കുന്നതിനായി ജോബ് ഫെയർ

സംഘടിപ്പിച്ചുവരുന്നു ദക്ഷിണമേഖലയിലെ മര്യാപുരം, പന്തളം, എസ്.പി.കോളനി, ഓച്ചിറ, ഐക്കാട് എന്നീ ഐ.റ്റി.ഐ കളും ഉത്തരമേഖലയിലെ മംഗലം,എങ്കക്കാട് എന്നീ ഐ.റ്റി.ഐ കളും MRITI കളായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

അഖിലേന്ത്യ ട്രേഡ് ടെസ്റ്റിൽ പരാജയപ്പെടുന്നവർക്ക് ട്യൂഷൻ നൽകുന്ന പദ്ധതിയും നിലവിലുണ്ട്.ഐ ടി.ഐകളിൽ പ്രവേശനം ലഭിക്കാൻ നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഡ്രൈവർ കം മെക്കാനിക്ക് ട്രേഡിൽ പ്രവേശനം നേടുന്നതിന് 18 വയസ്സും മറ്റ് കോഴ്സുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല. അപേക്ഷയോടൊപ്പം ജാതി, ജനന തീയതി എന്നിവ തെളിയിക്കുന്ന രേഖകളും അവസാന പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ കോപ്പിയും ഹാജരാക്കണം.

**t) കമ്മ്യൂണിറ്റി കോളേജ് പാലക്കാട്**

വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ 2012 ൽ ആരംഭിച്ച കമ്മ്യൂണിറ്റി കോളേജിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷിനിസ്റ്റ് എന്ന ആധുനിക ഹൈടെക് കോഴ്സിൽ 20 പേർക്ക് പരിശീലനം നൽകുന്നു. എസ്.എസ്.എൽ.സി/+2 എന്നിവ പാസ്സായവർക്ക് പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്. പ്രസ്തുത അപേക്ഷകരിൽ നിന്ന് പ്രവേശന പരീക്ഷയിലൂടെയാണ് പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. കോഴ്സ് ദൈർഘ്യം രണ്ട് വർഷം (ഒരു വർഷം ഇൻസ്റ്റിറ്റ്യൂഷണൽ ട്രെയിനിംഗും ഒരു വർഷം ഇൻഡസ്ട്രിയൽ ട്രെയിനിംഗും നൽകുന്നു). കോഴ്സിന്റെ ഭാഗമായി വ്യവസായ പരിശീലനത്തിനുള്ള സൗകര്യം മൾട്ടിനാഷണൽ കമ്പനികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ലഭിക്കുന്നു.

**u) പ്രീ- എക്സാമിനേഷൻ ട്രെയിനിംഗ് സെൻറർ**

വിവിധ മത്സര പരീക്ഷകൾക്ക് പട്ടിക ജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് സംസ്ഥാനത്ത് 4 പ്രീ- എക്സാമിനേഷൻ ട്രെയിനിംഗ് സെൻററുകൾ പ്രവർത്തിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പൻേറാടു കൂടിയ പരിശീലനം. കൂടാതെ മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം, ജോബ് ഓറിയൻറ്ഡ് കോഴ്സുകൾ എന്നിവയും ഈ സെന്ററുകളിൽ നടത്തുന്നു. തിരുവനന്തപുരം, ആലുവ, കുഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിലാണ് കേന്ദ്രങ്ങൾ.

**v) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി തിരുവനന്തപുരം**

അഖിലേന്ത്യാ സർവ്വീസുകളിലേക്കുള്ള മത്സര പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് വകുപ്പിൻെറ ആഭിമുഖ്യത്തിൽ സ്ഥാപിതമായ സ്വയംഭരണസ്ഥാപനം. സംസ്ഥാന തലത്തിൽ നടക്കുന്ന പ്രാഥമിക സെലക്ഷൻ പരീക്ഷയിൽ പാസ്സാകുന്ന പട്ടികജാതി - പട്ടിക വർഗ്ഗകാർക്ക് സൗജന്യ താമസസൗകര്യം, മികച്ച ലൈബ്രറി സംവിധാനം ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് ഒരു വർഷം പരിശീലനം ലഭ്യമാക്കുന്നു. അപേക്ഷ മാർച്ച് മാസത്തിൽ ക്ഷണിക്കുന്നു.

**w) പാരാ മെഡിക്കൽ സ്ഥാപനങ്ങൾ**

തിരുവനന്തപുരം, തൃശൂർ മെഡിക്കൽ കോളേജുകളോട് ചേർന്ന് രണ്ട് പാരാമെഡിക്കൽ സ്ഥാപനങ്ങൾ (പ്രിയദർശിനി ഇൻസ്ററിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സ്ററഡീസ്) പട്ടിക വിഭാഗം വിദ്യാർത്ഥികൾക്കായി സ്ഥാപിച്ചിട്ടുണ്ട്. കുഴൽമന്ദത്ത് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിനുള്ള സ്ഥാപനം, പയ്യന്നൂരിൽ ഡി. എം. എൽ. ററി കോഴ്സിനുള്ള സ്ഥാപനം എന്നിവ പ്രവർത്തിക്കുന്നു.

**x) സെൻറർ ഓഫ് എക്സലൻസ്, കോഴിക്കോട്**

പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കിർത്താഡ്സ് കാമ്പസിൽ സെന്റർ ഫോർ റിസർച്ച് ആന്റ് എജ്യുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും കോർപ്പറേറ് മേഖലകളിൽ ജോലി ലഭിക്കുന്നതിനും പട്ടികവിഭാഗത്തിനെ പ്രാപ്തരാക്കുന്നതിന് ഇതിലൂടെ കഴിയുന്നു.

**y) മോഡൽ റസിഡൻഷ്യൽ പോളി ടെക്നിക്ക്, പാലക്കാട്**

പട്ടികജാതി വിഭാഗത്തിൽ നിന്ന് സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിനായി പാലക്കാട് കണ്ണാടിയിൽ ആരംഭിച്ച സ്ഥാപനം. 30 കുട്ടികൾക്ക് പ്രവേശനം.

**z) ബുക്ക് ബാങ്ക് പദ്ധതി**

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ

റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി

**4) പഠനയാത്ര പര്യടനപരിപാടി**

സംസ്ഥാനത്ത് ഹയർ സെക്കണ്ടറി ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള പരമാവധി ചെലവ് 4000 രൂപയായി നിജപ്പെടുത്തി, സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തുന്നത് പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും തുക അനുവദിക്കുന്നു.

**5) പാലക്കാട് മെഡിക്കൽ കോളേജ്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 70 വിദ്യാർത്ഥികൾ ഉൾപ്പെടെ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് 500 കിടക്കകളും വിവിധ വിഭാഗങ്ങളിലുമായി 21 ചികിത്സായൂണിറ്റുകളുമുള്ള ഒരു മെഡിക്കൽ കോളേജ് പാലക്കാട് 2014-15 ൽ ആരംഭിച്ചു. മെഡിക്കൽ കോളേജിനനുബന്ധിച്ച് പാരാമെഡിക്കൽകോഴ്സുകളും, ലബോറട്ടറികളും ആശുപത്രിയിലേയ്ക്ക് ആവശ്യമായ സാധനങ്ങളുടെയും ചെറിയ ഉപകരണങ്ങളുടെയും മരുന്നുകളുടെയും ഉൽപ്പാദക യൂണിറ്റുകളും ഗവേഷണ വികസന സംരംഭങ്ങളും ആരംഭിക്കുന്നതാണ്.

**6) ബിരുദ/ബിരുദാനന്തര ബിരുദ കലാകോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലനോപകരണങ്ങൾ / ഉപാധികൾ വാങ്ങുന്നതിന് ധനസഹായം**

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന കലാവിഷയ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിനാവശ്യമായ ഉപകരണങ്ങൾ/ ആടയാഭരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് ധനസഹായം നൽകുന്നു.

# സാമ്പത്തിക വികസന പദ്ധതികൾ

**1. സ്വയം തൊഴിൽ പദ്ധതി**

വ്യക്തികൾക്ക് 3 ലക്ഷം വരെയുള്ള വായ്പകൾക്കും ഗ്രൂപ്പുകൾക്ക് 10 ലക്ഷം വരെയുള്ള വായ്പകൾക്കും വായ്പാതുകയുടെ 1/3 സബ്സിഡി. പദ്ധതി ബാങ്കുകളുമായിച്ചേർന്ന് നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയം തൊഴിൽ സംരംഭവും തുടങ്ങാം. പ്രായം 18-40, വിദ്യാഭ്യാസ യോഗ്യത- 7-ാം ക്ലാസ്സ്. വരുമാന പരിധി ബാധകമല്ല. അപേക്ഷ, വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പദ്ധതി റിപ്പോർട്ട്, റേഷൻകാർഡ് പകർപ്പ്, തിരിച്ചറിയൽ കാർഡ് പകർപ്പ്, എസ്. ജി. എസ്. വൈ ലോൺ വാങ്ങിയിട്ടില്ല എന്ന ബന്ധപ്പെട്ട ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകുക.

2. **വക്കീലൻമാർക്ക് ധനസഹായം.**

നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് വക്കീലായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേയ്ക്ക് ധനസഹായം നൽകുന്നു.

**ഒന്നാം വർഷം**

1. എൻറോൾമെന്റ് ഫീസ് - 9600/-
2. വസ്ത്രം വാങ്ങുന്നതിന് - 4000/-
3. പുസ്തകം വാങ്ങുന്നതിന് - 12000/-

**രണ്ടും മൂന്നും വർഷങ്ങളിൽ**

1. വസ്ത്രം വാങ്ങുന്നതിന് - 4000/-
2. പുസ്തകം വാങ്ങുന്നതിന് - 12000/-
3. മുറി വാടക (പ്രതിമാസം 500/- രൂപ നിരക്കിൽ) - 6000/-

അഭിഭാഷകനായി എൻറോൾ ചെയ്ത് 6 മാസത്തിനകം നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതിസർട്ടിഫിക്കറ്റ്, എൽ. എൽ. ബിയുടെ സർട്ടിഫിക്കറ്റ്, ബാർ കൗൺസിൽ എൻറോൾമെൻറ് സാക്ഷ്യപത്രം, സീനിയർ അഭിഭാക്ഷകൻെറ സാക്ഷ്യപത്രം, ധനസഹായം ലഭ്യമായാൽ മാത്രമേ പരിശീലനം നടത്താൻ കഴിയൂ എന്ന തഹസിൽദാരുടെ സാക്ഷ്യപത്രം എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക.

3. **സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രൻറീസ്ഷിപ്പ്.-**

ഐ.ടി.ഐ, ഡിപ്ലോമ, എഞ്ചിനീയറിംഗ് ഡിഗ്രി, എന്നിവ പാസ്സായവർക്ക് അപ്രൻറീസ്ഷിപ്പ് . **അപേക്ഷകർ അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** പ്രതിമാസ നിരക്ക്

| | |
|---|---|
| **ഐ.ടി ഐ** | **- 2,000/-** |
| **ഡിപ്ലോമ** | **- 2,500/-** |
| **എഞ്ചിനീയറിംഗ് ഡിഗ്രി** | **- 3,000/-** |

4. **ടൂൾ കിററ്**-വകുപ്പിൻെറ ഐ.ടി.ഐകളിൽ വിവിധ ട്രേഡുകൾ പാസ്സായിട്ടുള്ളവർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാൻറ് നൽകുന്നു.

5. **പട്ടികജാതിക്കാരുടെ വായ്പ എഴുതി തള്ളൽ പദ്ധതി**

സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകളിൽ 25,000/- രൂപ വരെയുള്ളത് പലിശയും പിഴ പലിശയും ഉൾപ്പെടെ എഴുതിത്തള്ളുന്നതിന് 12.11.2009 ലെ സർക്കാർ ഉത്തരവ് (അച്ചടി) 100/2009

പജ.പവ.വിവ.നമ്പർ ഉത്തരവിൻ പ്രകാരം നടപ്പിലാക്കിയിരുന്നു

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്, എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശിക ആയിട്ടുള്ളതുമായ വായ്പയുടെ 50,000/- രൂപ വരെയുള്ളത് എഴുതി തള്ളുന്നതിന് 10.12.2013 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 99/2013/പജ.പവ.വിവ നമ്പർ ഉത്തരവിലൂടെ നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ എസ്.സി/എസ്.ടി കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വാഹന വായാപാ പദ്ധതി, അംബേദ്കർ ഭവന നിർമ്മാണ പദ്ധതി, പുതിയ അംബേദ്കർ ഭവന നിർമ്മാണ പദ്ധതി, ഇൻകം ജനറേഷൻ ലിങ്ക്സ്, എന്നീ പദ്ധതികളിലെ മുതലും പലിശയും എഴുതി തള്ളുന്നതിന് 16.10.2014 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 74/14/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010-ന് തിരിച്ചടവ് കാലയളവ് പൂർത്തിയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ചേർത്ത് ഒരു ലക്ഷം രൂപ വരെ എഴുതി തള്ളുന്നതിന് 31.03.2015 ലെ സ.ഉ (പി) നം.24/2015/പജ.പവ.വിവ പ്രകാരം ഉത്തരവായിട്ടുണ്ട്. വരുമാന പരിധി 1.5 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം പട്ടികജാതിക്കാർ റവന്യൂ വകുപ്പ്, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ള 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടവ് കഴിഞ്ഞിട്ടുള്ളവർക്ക് കടാശ്വാസം അനുവദിച്ചുകൊണ്ട് 20.08.2016 ലെ സ.ഉ (പി) നം.118/2016/ധന.പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൻപ്രകാരം മുതലും പലിശും പിഴപ്പലിശയുമുൾപ്പെടെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി ഇരുപത്തിനാല് പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കാവുന്ന വിധത്തിൽ വായ്പ പുനഃക്രമീകരിച്ചിട്ടുണ്ട്.

### 6. ഉല്പന്ന പ്രദർശന വിപണന മേള.

പട്ടികജാതിക്കാരുടെ പാരമ്പര്യ ഉല്പന്നങ്ങൾക്കും പട്ടികജാതി സ്വയം സഹായ സംഘങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതിന് സഹായകരമായ രീതിയിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വർഷം 2 സ്ഥലങ്ങളിലായി വിപണന മേള സംഘടിപ്പിക്കുന്നു. സ്റ്റാൾ സൗജന്യമായി അനുവദിക്കുന്നു. ഉല്പന്നങ്ങൾ സ്റ്റാളിലെത്തിക്കുന്നതിനുള്ള വാഹന വാടക, സ്റ്റാളിൽ നിൽക്കുന്നവർക്ക് പ്രതിദിന ബത്ത, ഭക്ഷണം എന്നിവ നൽകുന്നു. അപേക്ഷകൾ ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാകും.

### 7. അംബേദ്കർ ഗ്രാമവികസന പരിപാടി

ഓരോ നിയോജക മണ്ഡലത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ 2 കോളനികളെ വീതം തെരഞ്ഞെടുത്ത് ഓരോ കോളനിയിലും ഓരോ കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഓരോ സങ്കേതത്തിന്റേയും വികസനാവശ്യങ്ങൾ വിലയിരുത്തിയാണ് പദ്ധതി നിർവ്വഹണം നടപ്പാക്കുന്നത്. റോഡ് നിർമ്മാണം, വൈദ്യുതീകരണം, അഴുക്കുചാൽ നിർമ്മാണം, സോളാർ തെരുവ് വിളക്കുകൾ, ബയോഗ്യാസ് പ്ലാന്റ്, ഭവനപുനരുദ്ധാരണം എന്നിങ്ങനെയുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പരമാവധി 1 കോടി രൂപയാണ് ഈ പദ്ധതി പ്രകാരം ഒരു സങ്കേതത്തിനായി ചെലവഴിക്കുക. എം.എൽ.എ മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പദ്ധതി നിർവ്വഹണം.

# സാമൂഹ്യക്ഷേമ പരിപാടികൾ

**1. വിവാഹ ധനസഹായം**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75,000/- രൂപ വിവാഹ ധനസഹായമായി നൽകുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ചു എന്നതിന്റെ സമുദായ സംഘടനയുടെ/ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ/ പട്ടിക ജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക. വരുമാന പരിധി 1,00,000 /-രൂപ.

**2. മിശ്ര വിവാഹിതർക്ക് ധനസഹായം**

മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് ( ഒരാൾ പട്ടികജാതിയും പങ്കാളിപട്ടികഇതര സമുദായത്തിൽ പെട്ടതുമായിരിക്കണം) വിവാഹത്തെത്തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/- രൂപ വരെ ഗ്രാൻറായി നൽകുന്നു. വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്നു വർഷത്തിനകം അപേക്ഷിക്കണം. ഭാര്യാഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, കുടുംബ വാർഷിക വരുമാനം, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. രണ്ടു പേരുടെയും കൂടി പ്രതിവർഷ വരുമാന പരിധി- 1,00,000/- രൂപ

**3. ഭൂരഹിത പുനരധിവാസ പദ്ധതി**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെൻറ് ഭൂമിയും മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെൻറ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/ മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000/ 4,50,000/- 6,00,000/- രൂപ ഗ്രാൻറായി അനുവദിക്കുന്നു. ഈ തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി ഭൂമി വാങ്ങേണ്ടതാണ്.തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.

അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, സ്വന്തമായി ഭൂമിയില്ലെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, അവകാശമായി ലഭിക്കാവുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകുക. വാർഷികവരുമാന പരിധി 50,000 രൂപയും അപേക്ഷകന്റെ പ്രായപരിധി 55 വയസ്സുമാണ്.

ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റ് ലഭിക്കാത്ത സ്ഥലങ്ങളിൽ പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് ഗുണ ഭോക്താക്കളെ തിരഞ്ഞെടുക്കുന്നതാണ്.

**4. ഭവന നിർമ്മാണ ധനസഹായം**

2014-15 സാമ്പത്തിക വർഷം മുതൽ 3,00,000/- രൂപ ഭവനനിർമ്മാണ ധനസഹായം ആയി നൽകുന്നു. 45,000/-, 90,000/-, 1,20,000/-, 45,000/- എന്നിങ്ങനെ നാലു ഗഡുക്കളായി നിർമ്മാണ പുരോഗതിക്കനുസരിച്ച് തുക ഓൺലൈനായി ബാങ്ക്വഴി വിതരണം ചെയ്യുന്നു.

ഗ്രാമപ്രദേശത്ത് സ്വന്തമായി രണ്ട് സെൻറും നഗരപ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നര സെൻറ് ഭൂമിയെങ്കിലും സ്വന്തമായുള്ള ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട ഭവന രഹിതർക്കാണ് ധനസഹായം അനുവദിക്കുന്നത്. ജാതി, വരുമാനം, കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, വാസയോഗ്യമായ ഭവനമില്ലായെന്ന ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം തദ്ദേശഭരണസ്ഥാപനങ്ങളിൽനിന്ന് നാളിതുവരെ ഭവനനിർമ്മാണ ഗ്രാൻറ് ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകുക. വരുമാന പരിധി 50,000 രൂപ.

**5. ഭവനപുനരുദ്ധാരണം / അഡീഷണൽ റൂം ധനസഹായ പദ്ധതി**

ഭവനനിർമ്മാണത്തിന് സർക്കാരിൽ നിന്ന് മുൻപ് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോന്മുഖമായ ഭവനത്തിൽ (5 വർഷത്തിനും 25 വർഷത്തിനും ഇടയിൽ പഴക്കമുള്ളവ) താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവനപുനരുദ്ധാരണത്തിന് /പുതിയതായി ഒരു മുറി കൂടി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു. പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ അനുവദിക്കുന്നു. വരുമാന പരിധി 50,000/- രൂപ .ജാതി, വരുമാനസർട്ടിഫിക്കറ്റുകൾ,

വീടിന്റെ പഴക്കം സംബന്ധിച്ച സർട്ടിഫിക്കറ്റ് മറ്റ് ഏജൻസികളിൽ നിന്നും ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ ബന്ധപ്പെട്ട പട്ടികജാതി വികസന ആഫീസർക്ക് നൽകണം.

**6. ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി.**

50,000 രൂപയിൽ താഴെ വരുമാനമുള്ള ഭൂരഹിത ഭവന രഹിതരായ വേടൻ, നായാടി, ചക്ലിയ/ അരുന്ധതിയാർ, കള്ളാടിഎന്നീ ദുർബല സമുദായങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതി. കുറഞ്ഞത് 5 സെൻറ് ഭൂമിയെങ്കിലും വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി 7,25,000/- രൂപ ഗ്രാൻറായി നൽകുന്നു. ഭൂമി വാങ്ങുന്നതിനുള്ള ധനസഹായത്തിന് അപേക്ഷിക്കുന്ന വരുടെ പ്രായം 55 വയസ്സിൽ കവിയരുത്.(ഭവനത്തിന് 3,50,000/-രൂപ, ഭൂമിക്ക് 3,75,000/- രൂപ)

ജാതി, വരുമാനം, ഭൂമിയില്ലെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ടി ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകുക.

**7. ടോയ്‌ലറ്റ് നിർമ്മാണം**

പട്ടികജാതി കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് 25,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണിത്. ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്. തുക രണ്ട് ഗഡുക്കളായി വിതരണം ചെയ്യുന്നു. വരുമാന പരിധി 50,000 രൂപ.

**8. പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധി**

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ താഴെ വാർഷികവരുമാനമുള്ളവർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 50,000/- രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, ഹീമോഫീലിയ,പക്ഷാഘാതം മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപവരെ ആശുപത്രിമുഖാന്തിരം നൽകുന്നു. നിശ്ചിത ഫാറത്തിലുള്ള ജാതി, വരുമാനം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺ ലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആയതിനാൽ അപേക്ഷയും, ശേഷം അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന പ്രിന്റ് സഹിതം ടി അപേക്ഷ, ബന്ധപ്പെട്ട ബ്ലോക്ക് / മുൻസിപ്പൽ /കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.

**9. ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത.**

പി.എസ്.സി, യു.പി.എസ്.സി വിവിധ സർക്കാർ ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പരീക്ഷകളിലും ഇൻറർവ്യൂവിനും പങ്കെടുക്കാൻ പോകുന്ന പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികൾക്ക് അർഹമായ യാത്രാപ്പടി ഹാജർ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ അനുവദിക്കുന്നു. അപേക്ഷ സാക്ഷ്യപത്രങ്ങൾ സഹിതം ബന്ധപ്പെട്ട ഗ്രാമ/പഞ്ചായത്ത്/ മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് നൽകുക. തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയാണ് വിതരണം ചെയ്യുന്നത്.

**10. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം**

പട്ടികജാതി പട്ടികവർഗ്ഗ ജനസമൂഹവും മുഖ്യധാരാ സമുദായങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളവും ഇഴയടുപ്പവുമുള്ളതാക്കിത്തീർക്കുന്നതിന് ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാവർഷവും സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണമായി ആചരിക്കുന്നു ടി ആചരണക്കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിനും കോളനികൾ കേന്ദ്രീകരിച്ച് ശുചിത്വ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, വിജ്ഞാന സദസ്സുകൾ, പ്രദർശനങ്ങൾ,പൂർത്തിയായ പദ്ധതികളുടെ ഉദ്ഘാടനങ്ങൾ, പുതിയ പദ്ധതികളുടെ ആരംഭം കുറിക്കൽ എന്നിവ നടത്തുന്നു.

**11. വിജ്ഞാൻവാടി**

പട്ടികജാതി വിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സരപരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമാകുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ഇന്റർനെറ്റ് സൗകര്യത്തോടു കൂടിയ കമ്പ്യൂട്ടർ, വായനശാല എന്നിവ സജ്ജീകരിച്ചുകൊണ്ട് പട്ടികജാതിസങ്കേതങ്ങളോടനുബന്ധി

ച്ചാണ് വിജ്ഞാൻവാടികൾ സ്ഥാപിക്കുക. ഇതിനുള്ള കെട്ടിടം നിർമ്മിക്കാനുള്ള ഫണ്ടുസഹിതം ഈ
പദ്ധതി നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഇത് നടപ്പാക്കുകയാണ് വകു
പ്പിന്റെ ലക്ഷ്യം.

## 12. ഹോമിയോ ഹെൽത്ത് സെന്റർ

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 29 പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ച് ഹോമിയോ
ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. രണ്ടരകിലോമീറ്റർ ചുറ്റളവിൽ മറ്റ് ആരോഗ്യപരിപാലനകേന്ദ്ര
ങ്ങളില്ലാത്ത പട്ടികജാതി സങ്കേതങ്ങളാണ് ഇതിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്

## 13. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തികസഹായം

അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച
പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധ
മായ ചെലവുകൾക്കുമായി 1,00,,000/- രൂപ വരെ ധനസഹായം നൽകുന്നു. ഇൻഡ്യൻ പാസ്പോർട്ട്,
വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർപത്രം, വിസ എന്നിവ സഹിതം അപേക്ഷ
നൽകേണ്ടതാണ്. വാർഷിക വരുമാനം 2,50,000/- രൂപയിൽ താഴെ വരുമാനമുള്ള 20 നും 50നും മദ്ധ്യേ
പ്രായമുള്ളവർക്കാണ് അപേക്ഷിക്കാൻ അർഹത.

## 14. വാത്സല്യനിധി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തിക
മായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപാവരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ
പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാ
ക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും LIC of
India- യും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000/- രൂപ 4 ഇൻസ്റ്റാൾമെന്റുകളി
ലായി താഴെ പറയും പ്രകാരം പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. 1.04.2017 നു ശേഷം ജനിച്ച
പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| മാനദണ്ഡങ്ങൾ | നിക്ഷേപ തുക |
|---|---|
| പെൺകുട്ടി ജനിച്ച് 6 മാസം പൂർത്തിയായതും 9 മാസത്തിൽ അധികരിക്കാത്തതും | ആദ്യ ഗഡു 39000 |
| 5 വയസ്സ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതും | രണ്ടാം ഗഡു 36000 |
| 10 വയസ്സ പൂർത്തിയായതും 5-ാം തരം പ്രവേശനം നേടിയതും | മൂന്നാം ഗഡു 33000 |
| 15 വയസ്സ് പൂർത്തിയായതും 10-ാം തരം പാസ്സായതും | നാ[illegible] 30000 |

### മറ്റ് വിശദാംശങ്ങൾ

പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപ നൽകുന്നു (Assured Amount)

## LIC നൽകുന്ന ഇൻഷ്വറൻസ് സംബന്ധമായ മറ്റ് ആനുകൂല്യങ്ങൾ

| | | |
|---|---|---|
| ആകസ്മിക മരണത്തിന് | | |
| വരുമാന ദായകൻ | സാധാരണ മരണം | 2,00,000/- |
| | അപകട മരണം | 4,00,000/- |
| | അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം | 1,00,000/- |
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000/- |
| മറ്റ് രക്ഷകർത്താവ് | സാധാരണ മരണം | 30,000/- |
| | അപകട മരണം | 30,000/- |
| കുട്ടി | സാധാരണ മരണം<br>അപകട മരണം | 3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷുറൻസ് ആനുകൂല്യമായി LIC കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസ്സിന് ശേഷം മാത്രം ബാധകമായിരിക്കും.8 വയസ്സിന് ശേഷമാണ് ഇൻഷുറൻസ് കവറേജ്) |

| വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ | | |
|---|---|---|
| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാന്റേർഡ് | തുക |
| പെൺകുട്ടി | 9,10,11,12 | 1200/- രൂപ ഓരോ വർഷവും |
| സഹോദരനോ സഹോദരിയ്ക്കോ | 9,10,11,12 | 1200/- രൂപ ഓരോ വർഷവും |

ചോദ്യം (ബി)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായുള്ള വാത്സല്യനിധി പദ്ധതി, ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതി എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

മറുപടി (ബി)

- **വാത്സല്യനിധി പദ്ധതി**

  പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപാവരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി ഉടനടി നടപ്പിലാക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയാണ്. പദ്ധതി നടത്തിപ്പിനാവശ്യമായ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പരിഗണനയിലാണ്.

- **പഠനമുറി**

  ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്ക്കൂൾ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് 2017-18 വർഷം 5000 പഠനമുറി നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ചു നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ നടന്നു വരുന്നു.

Section Officer

| പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികൾ (അനുബന്ധം) | |
|---|---|
| ക്രമ നം | പദ്ധതികൾ |
| എ | സംസ്ഥാന പദ്ധതികൾ |
| 1 | വിദ്യാർത്ഥികൾക്ക് പ്രോൽസാഹനവും സഹായവും |
| | (1) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം. |
| | (2) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി |
| | (3) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം |
| | (4) അനാഥരായ കുട്ടികൾക്കുള്ള സഹായം |
| | (5) വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം |
| 2 | പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം |
| 3 | വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി) |
| 4 | ഭവന നിർമ്മാണം |
| 5 | പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്) |
| 6 | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. (പുതുക്കിയ എ.റ്റി.എസ്.പി ഫണ്ട്/ പ്രത്യേക പാക്കേജ്) |
| | അടിസ്ഥാന സൗകര്യങ്ങൾ |
| | എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം. |
| | ആരോഗ്യം |
| | 2013-14 മുതൽ വകുപ്പ് നടപ്പിലാക്കിയിരുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീമിന്റെ സ്പിൽഓവർ പണികൾക്കുള്ള തുക ഈ പദ്ധതിയിൽ നിന്ന് ചെലവാക്കുന്നതാണ്. |
| | പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി |
| 7 | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം) |
| 8 | പൂൾഡ് ഫണ്ട് - പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്റ്റുകൾക്കായുള്ള ഫണ്ട് |
| 9 | എ). മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ. |
| 10 | പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ |
| | *പ്രാക്തനാ ഗോത്രവർഗ്ഗക്കാർക്ക് പെരിഫെറ്റിക് വിദ്യാഭ്യാസം* |
| | *വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി* |
| | *ഗോത്ര സാരഥി* |
| | *സാമൂഹിക പഠനമുറി ആദിവാസി സങ്കേതങ്ങളിൽ സാമൂഹ്യ പഠനമുറി ( പുതിയ ഘടകം)* |

| | |
|---|---|
| 11 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ |
| | പ്രീമെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ |
| 12 | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം |
| | ആർട്ടിക്കിൾ 275(1) പ്രകാരമുള്ള പദ്ധതികൾ |
| 13 | ഭക്ഷണത്തിനു ള്ള സഹായ/സുരക്ഷക്കുള്ള പരിപാടി |
| 14 | പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം |
| 15 | ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം |
| | 1. ട്രൈബൽ പ്രൊമോട്ടർമാർ |
| | 2. ഊരുകൂട്ടങ്ങളുടെ സംഘാടനം |
| | 3. മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമുള്ള ഓണറേറിയം. |
| | 4. ഹോസ്റ്റലുകളിലുംഎം.ആർഎസ്സിലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം. |
| | 5. പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ. |
| | ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം |
| 16 | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം |
| | 1. പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം |
| | 2. സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം |
| | 3. ജനനി ജന്മരക്ഷ |
| | 4. പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം |
| | 5. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി (ഗോത്ര വാത്സല്യ നിധി) |
| 17 | 1. അടിയൻ, പണിയൻ, പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി |
| | 1. അടിയൻ, പണിയൻ,പ്രാക്തനാഗോത്രവർഗ്ഗ വിഭാഗം |
| | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം. |
| | അഗതി മന്ദിരം |
| 18 | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നവീകരണം |
| 19 | 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുന:സ്ഥാപിച്ച് നൽകലും നിയമം നടപ്പാ ക്കലും. |
| 20 | ആദികലാഗ്രാമം |
| | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടകീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം സംസ്ഥാന വിഹിതം) |

| | |
|---|---|
| 21 | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം) |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാനം) |
| 22 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (സംസ്ഥാന വിഹിതം 50 ശതമാനം) |
| 23 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി (51 ശതമാനം സംസ്ഥാന വിഹിതം) |
| 24 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം) |
| 25 | പട്ടികവർഗ്ഗ ഉപപദ്ധതി-തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ |
| 26 | ഗ്രാമവികസന പരിപാടികൾ |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. വൈ) |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) |
| | 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ |
| 26 | പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം |
| 27 | പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ:- |
| 28 | 9-ാംക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി) |
| 29 | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം ) |
| 30 | മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275(1) പ്രകാരം ) :- |
| 31 | ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം(2006)നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ ) |
| 32 | പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം :- |
| 33 | പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ |
| 34 | പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി പദ്ധതി). |
| 35 | കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ |
| 36 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം |

| | |
|---|---|
| 37 | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ : |
| 38 | വനബന്ധു കല്ല്യാൺ യോജന |
| | 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ |
| 39 | ഗ്രാമവികസന പരിപാടികൾ |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. വൈ) |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) |
| 40 | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടകീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം ((50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| 41 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| 42 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി(49 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം)) |
| 43 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |

Section officer